**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **13-02-2025 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര കാർഷിക സമ്പദ് വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുസ്ഥിര കാർഷിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് നൂതനമായ സാങ്കേതിക ആശയവിനിമയ സംവിധാനങ്ങളുടെ സഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കാർഷിക ആശയവിനിമയവും സേവനവിതരണവും മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിരവധി ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഫയലുകളുടെ നീക്കം സജീവമാക്കാൻ കൃഷിഭവൻതലംവരെ ഇ-ഓഫീസ് സംവിധാനം സജ്ജീകരിച്ചതിലൂടെ കർഷക പ്രശ്നങ്ങൾ വളരെവേഗം പരിഹരിക്കുവാൻ സാദ്ധ്യമാകുന്നുണ്ട്. കൃഷിഭവനുകളിൽ നിന്നും സർക്കാർ തലത്തിലേയ്ക്ക് കർഷക, കാർഷിക വിവരങ്ങൾ കൈമാറ്റം സുഗമമാക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു സമഗ്ര പ്ലാറ്റ്‌ഫോമാണ് AIMS (Agricultural Information Management System). സർക്കാരിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സേവനങ്ങൾ കർഷകർക്ക് ഇതിലൂടെ നൽകി വരുന്നു. കർഷകർക്കുള്ള സേവന വിതരണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വിവരങ്ങളുടെ സമയ ബന്ധിതമായ പ്രചാരണം ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം ലക്ഷ്യമിടുന്നു. കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റി, അവയെ കർഷകർക്കുള്ള വിവര കേന്ദ്രങ്ങളായി മാറ്റുന്നതിനും സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്. |
| (ബി) | സാങ്കേതികവിദ്യയേയും ആശയവിനിമയ സംവിധാനങ്ങളെയും സംയോജിപ്പിച്ച് കാർഷിക മേഖലയുടെ വിവിധ തലങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരളത്തിൽ സുസ്ഥിരമായ ഒരു കാർഷിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി നൂതന ആശയ വിനിമയ സാങ്കേതിക വിദ്യകളെ സംയോജിപ്പിക്കുന്ന സംരംഭമാണ് **"കതിർ" (കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് & ഇൻഫർമേഷൻ റെപ്പോസിറ്ററി)** ഇത് ഒരു കേന്ദ്രീകൃത ഡിജിറ്റൽ ഹബ്ബായി പ്രവർത്തിക്കും. ഇതിലൂടെ ഒന്നിലധികം സ്രോതസ്സുകളിൽ നിന്നുള്ള കാർഷിക ഡേറ്റ ഏകീകരിക്കുകയും കർഷകർക്കും, നയരൂപകർത്താക്കൾക്കും, പങ്കാളികൾക്കും |

പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു. വിളകളുടെ ക്രമീകരണം (cropping Pattern), വിശകലനം ചെയ്യുന്നതിനും, കാലാവസ്ഥാ സാഹചര്യങ്ങൾ പ്രവചിക്കുന്നതിനും, വിഭവ വിനിയോഗം ക്രമീകരിക്കുന്നതിനും ഈ പ്ലാറ്റ്‌ഫോം Artificial Intelligence അധിഷ്ഠിത തീരുമാന പിന്തുണാ സംവിധാനങ്ങളെ (Decision Support Systems) പ്രയോജനപ്പെടുത്തുന്നു. കർഷക കേന്ദ്രീകൃത പോർട്ടലും ചാറ്റ്ബോട്ട് ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനും കതിർ സോഫ്റ്റ്‌വെയർ വഴി സാധ്യമാകും. സർക്കാരും കർഷക സമൂഹവും തമ്മിലുള്ള തടസ്സമില്ലാത്ത ഡിജിറ്റൽ ഇടപാടുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സമയബന്ധിതവും ഡാറ്റ അധിഷ്ഠിതവുമായ ഉൾക്കാഴ്ചകൾ നൽകി കർഷകരെ ശാക്തീകരിക്കുവാനും സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വളർച്ചയെ ത്വരിതപ്പെടുത്തുവാനും 'കതിർ' പ്രയോജനപ്പെടും.

കർഷകർക്കും, കാർഷികവൃത്തിയിലേർപ്പെടുവാൻ താൽപര്യമുള്ളവർക്കും, സംരംഭകർക്കും ലോകത്തിന്റെ ഏതു കോണിലുള്ളവർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ പരിശീലന പരിപാടികൾ **'MOOC' മുഖേന (Massive Open Online Courses)** കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്.

കർഷകർക്ക് പ്രയോജനപ്രദമാകുംവിധം വിള അടിസ്ഥാനത്തിലുള്ള പ്രോട്ടോകോളുകൾ, ഹ്രസ്വവീഡിയോകൾ, വാട്ട്സാപ്പ് സംവിധാനത്തിലൂടെയുള്ള വിളപരിപാലന നിർദ്ദേശങ്ങൾ എന്നിവയും കാർഷികസർവ്വകലാശാല നൽകിവരുന്നു.

കാർഷിക ഉത്പാദനവും, വിപണനവും, ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ഡേറ്റാബേസിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി ശേഖരിച്ച് തയ്യാറാക്കുന്ന വാർഡ്തല ഉല്പാദന വിപണന പ്ലാൻ "കൃഷി സമൃദ്ധി പദ്ധതി" വഴി സംസ്ഥാനത്തൊട്ടാകെ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

കൃഷി വകുപ്പിന്റെ പ്രചരണ പരിപാടികൾ കർഷകരിലേക്ക് എത്തിക്കുന്നതിനായി 1969 വർഷം മുതൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നു. നിലവിൽ യൂട്യൂബ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ്ആപ്പ്, തുടങ്ങിയ സാമൂഹ്യ മാധ്യമ സംവിധാനങ്ങളിലൂടെ കർഷകർക്കിടയിൽ സുസ്ഥിര കാർഷിക രീതികൾ പ്രചരിപ്പിച്ച് വരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | അച്ചടി മാധ്യമം വഴി കേരള കർഷകൻ മാസികയിലൂടെയും ദൃശ്യ മാധ്യമങ്ങളിലൂടെ നൂറുമേനി പരിപാടി വഴിയും ശ്രവ്യ മാധ്യമമായ റേഡിയോ വഴി ഞാറ്റുവേല എന്ന പരിപാടിയിലൂടെയും നവമാധ്യമങ്ങളിലൂടെയും , ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വെബ്സൈറ്റ് വഴിയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കർഷകരുടെ സംശയങ്ങളും കാർഷിക മേഖലയിലെ സംരംഭകത്വവികസനം ലക്ഷ്യമാക്കി ആവശ്യമായ സാങ്കേതിക അറിവുകളും SFACയുടെ ടോൾ ഫ്രീ നമ്പർ വഴിയും ലഭ്യമാണ്. ഇതുകൂടാതെ കൃഷിവകുപ്പിന്റെ പ്രധാന പരിപാടികൾ എല്ലാം ലൈവ് സ്ട്രീമിംഗ് വഴി എല്ലാ സമൂഹമാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുന്നു. |
| (സി) | കർഷകരുടെയും കർഷക തൊഴിലാളികളുടെയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കർഷകവരുമാനം ഇരട്ടിയാക്കുക എന്ന ഉദ്ദേശത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചും, കാർഷിക ഉത്പാദന സംഘടനകൾ രൂപീകരിച്ചും, ദ്വിതീയ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.<br><br>വിവിധ വിളകളുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ വിളകളെയും കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കർഷകരുടെ വരുമാനം, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും, ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉല്പാദന പദ്ധതിയും 2021-22വർഷം മുതൽ സർക്കാർ നടപ്പിലാക്കി വരുന്നു.<br><br>കർഷകരുടെ ക്ഷേമത്തിനായി കർഷകക്ഷേമനിധി ബോർഡ് വഴി ക്ഷേമനിധിപദ്ധതി, കർഷകക്ഷേമ പെൻഷൻ, കർഷക തൊഴിലാളികളുടെ ക്ഷേമത്തിനായി കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള പദ്ധതികൾ, എന്നിവ നൽകി വരുന്നു. കൂടാതെ, വിള ഇൻഷ്വറൻസ്, വർധിച്ച് വരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉല്പാദന ചെലവ് |

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവത്കരണ പദ്ധതി, വിള ആരോഗ്യ പദ്ധതി, ബ്ലോക്ക് ലെവൽ അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റർ തുടങ്ങിയവയും നടപ്പാക്കി വരുന്നു.<br><br>കേരള കാർഷികസർവ്വകലാശാല കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ നൽകുന്നതോടൊപ്പം, കർഷകരുടെ വരുമാന വർദ്ധനവിന് ആവശ്യമായ പുതിയ ഇനം വിത്തുകൾ സൂക്ഷ്മമൂലക കൂട്ടുകൾ (സമ്പൂർണ്ണ, അയർ തുടങ്ങിയവ) സസ്യസംരക്ഷണ ഉൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ച് അവരിലേക്ക് എത്തിക്കുകയും ചെയ്യുന്നു. |
| (ഡി) | കർഷകരുടെ കൂട്ടായ്മകളെയും കാർഷിക സംരംഭങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തി കാർഷികമേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി പ്രകാരം പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയിലൂടെ കൈവരിക്കാൻ കർഷകരുടെ സ്വയം നിയന്ത്രിത സ്വതന്ത്ര കൂട്ടായ്മകളെ 'കൃഷിക്കൂട്ടം ' എന്ന നാമത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഉല്പാദന വിപണന സേവന മേഖലകളിൽ ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന കാർഷിക കൂട്ടായ്മകളെ ഇതിലൂടെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കർഷകരെയും കൃഷിക്കൂട്ടങ്ങളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി കാർഷിക മേഖലയിലെ നിരവധി വെല്ലുവിളികളെ കൂട്ടായി നേരിടുന്നതിന് ഫലപ്രദമായ ഒരു സഖ്യം 'കർഷക ഉൽപാദക സംഘടനകൾ' (FPO's) രൂപീകരിക്കുന്നതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നു. SFAC മുഖേന ഇത്തരം 47 FPO-കൾ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ ഫാം പ്ലാനുകൾ കേന്ദ്രീകരിച്ച നൂറോളം FPO കളും തയ്യാറായി വരുന്നു.<br><br>'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ രണ്ടാം ഘട്ടമായി "കൃഷി സമൃദ്ധി "എന്ന പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ കൃഷിക്കൂട്ടങ്ങളെ ആധാരമാക്കിയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും വാർഡ് അടിസ്ഥാനത്തിലുള്ള ഉല്പാദന വിപണന പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഉല്പാദനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യമാണ് പദ്ധതിയിൽ കൈവരിക്കുന്നത്. ആദ്യഘട്ടത്തിൽ 107 തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. 2025-26 സാമ്പത്തിക വർഷം 393 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിച്ച് 500 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൃഷി സമൃദ്ധി നടപ്പാക്കുവാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നു. കാർഷിക പ്രാധാന്യമുള്ള ഇതര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൂടി കൃഷി സമൃദ്ധി വ്യാപിപ്പിക്കുന്നതോടെ സംസ്ഥാനത്തെ കാർഷിക സമൃദ്ധിയിൽ എത്തിക്കുവാനും ദ്വിതീയ കാർഷിക മേഖലയിൽ സംസ്ഥാനത്തിന് നേട്ടങ്ങൾ കൈവരിക്കുവാനും സാദ്ധ്യമാകും. |

സെക്ഷൻ ഓഫീസർ